സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

ആശ്രിത നിയമന ലിസ്റ്റിൽ നിന്നും ക്ലറിക്കൽ, പ്യൂൺ തസ്തികകളിൽ പ്രൊവിഷണലായി ജോലി നോക്കിവന്നിരുന്ന ജീവനക്കാരുടെ സേവനം അവസാനിപ്പിച്ചത് – ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ:ROC 12786/23/Est-II നന്തൻകോട്, 01-12-2023

---

പരാമർശം :– 1) ദേവസ്വം കമ്മീഷണർ ആഫീസിലെ 03–11–2023 ലെ ROC 1310/86/Est-A നമ്പർ നടപടി ഉത്തരവ്.

2) ശ്രീ. രഞ്ജിത്ത് കെ.എൽ. മുതൽപേർ ബോർഡ് മുമ്പാകെ സമർപ്പിച്ച അപേക്ഷ.

3) ബോർഡാഫീസിലെ ശബരിമല സെൽ അസിസ്റ്റന്റ് സെക്രട്ടറിയുടെ 06–11–2023 ലെ സബ്മിഷൻ.

4) 07–11–2023 ലെ മേൽ നമ്പർ ബോർഡുത്തരവ്.

5) ദേവസ്വം കമ്മീഷണർ ആഫീസിലെ 29–11–2023 ലെ ROC 18463/18/Est-C നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

ക്ലറിക്കൽ, പ്യൂൺ തസ്തികകളിലേക്ക് ആശ്രിത നിയമനത്തിനായുള്ള ലിസ്റ്റിൽ നിന്നും പ്രൊവിഷണലായി നിയോഗിച്ചിരുന്നതും ആയതിൽ സ്ഥിരനിയമനം ലഭിച്ചിട്ടില്ലാത്തതുമായ ജീവനക്കാരുടെ പ്രൊവിഷണൽ സേവനം പരാമർശം (1) പ്രകാരം അവസാനിപ്പിച്ചിട്ടുള്ളതാണ്.

ഇപ്രകാരം സേവനം അവസാനിപ്പിച്ച ജീവനക്കാരിൽ ഏതാനും പേർ ടിയാളുകൾ കഴിഞ്ഞ 6 വർഷക്കാലമായി പ്രൊവിഷണലായി ജോലി ചെയ്തുവന്നിരുന്നതാണെന്നും ടി ജോലിയെ മാത്രം ആശ്രയിച്ച് കുടുംബം പുലർത്തിവരുന്ന ടിയാളുകളെ ദിവസവേതന വ്യവസ്ഥയിലെങ്കിലും ജോലിയിൽ തുടരുന്നതിന് അനുവദിക്കണമെന്നും വിവരിച്ച് പരാമർശം 2 അപേക്ഷ സമർപ്പിച്ചു.

തൻവർഷത്തെ ശബരിമല മണ്ഡലം–മകരവിളക്ക് മഹോത്സവവുമായി ബന്ധപ്പെട്ട് ബോർഡാഫീസിലെ ശബരിമല സെക്ഷനിലെ ജോലികൾ വീഴ്ച കൂടാതെ നിർവ്വഹിക്കുന്നതിന് പരിചയസമ്പന്നനായ ക്ലാർക്കിന്റെ സേവനം അനിവാര്യമാണെന്നും ടി സെക്ഷനിൽ ക്ലാർക്കായി (പ്രൊവിഷണൽ) ജോലി ചെയ്ത് വന്നിരുന്നതും പരാമർശം (1) പ്രകാരം സേവനം അവസാനിപ്പിച്ചിട്ടുള്ളതുമായ ശ്രീ. നന്ദഗോപനെ തൻവർഷത്തെ (1199 എ.ഇ.) ശബരിമല സീസൺ കാലയളവ് അവസാനിക്കുന്നത്

വരെയെങ്കിലും ടി സെക്ഷനിൽ ദിവസവേതനാടിസ്ഥാനത്തിൽ നിലനിർത്തണമെന്നും വിവരിച്ച് ശബരിമല സെൽ അസിസ്റ്റന്റ് സെക്രട്ടറി സബ്മിഷൻ ഹാജരാക്കി (പരാമർശം – 3).

കൊല്ലവർഷം 1199 ശബരിമല മണ്ഡലം-മകരവിളക്ക് തീർത്ഥാടനത്തിന്റെ മുന്നൊരുക്കങ്ങൾ നടന്നുവന്നിരുന്നതും തൻവർഷത്തെ തീർത്ഥാടനത്തിന്റെ സുഗമമായ നടത്തിപ്പിലേക്കായി ദേവസ്വം ജീവനക്കാരെ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക് നിയോഗിച്ചിട്ടുള്ളതിനാലും ജീവനക്കാരുടെ അഭാവം ദേവസ്വം കാര്യങ്ങൾ വീഴ്ച കൂടാതെ നടത്തുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും പരാമർശം (1) പ്രകാരം സേവനം അവസാനിപ്പിച്ചിട്ടുള്ള ജീവനക്കാർ ദേവസ്വം ജോലിയിൽ പരിചയസമ്പന്നരായതിനാലും പ്രസ്തുത ജീവനക്കാരുടെ സേവനം കൊല്ലവർഷം 1199 ശബരിമല തീർത്ഥാടന കാലത്തേക്ക് മാത്രം ദിവസവേതനാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും, പരാമർശം (3) സബ്മിഷൻ പരിഗണിച്ച് ശ്രീ. നന്ദഗോപനെ തൻവർഷത്തെ ശബരിമല സീസൺ കാലത്തേക്ക് മാത്രമായി ബോർഡാഫീസിൽ ശബരിമല സെക്ഷനിലെ ജോലികൾ നിർവ്വഹിക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചും ബോർഡുത്തരവായി (പരാമർശം –4).

പ്രസ്തുത ബോർഡുത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം 1 പ്രകാരം സേവനം അവസാനിപ്പിച്ചിരുന്ന ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കേണ്ട ആഫീസുകൾ/തസ്തികകൾ വിശദമാക്കിയും, ദേവസ്വം കമ്മീഷണർ ആഫീസിൽ പ്രൊവിഷണൽ ക്ലാർക്കായി ജോലി ചെയ്ത് വന്നിരുന്ന ശ്രീമതി. വീണ. വി. നായരുടെ പ്രൊവിഷണൽ സേവനം പരാമർശം (1) പ്രകാരം അവസാനിപ്പിച്ചിരുന്നുവെങ്കിലും ദേവസ്വം കമ്മീഷണർ ആഫീസിൽ ജോലിഭാരം വർദ്ധിച്ചതിനെ തുടർന്ന് ഇൻവേർഡ് സെക്ഷൻ കൈകാര്യം ചെയ്യുന്നതിന് ആളില്ലാതെ വന്ന സാഹചര്യത്തിൽ ബോർഡിന്റെ മുഖാദാവിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. വീണ വി. നായരെ 08–11–2023 മുതൽ താൽക്കാലികമായി ജോലി ചെയ്യുന്നതിന് അനുവദിച്ചിരുന്നതായും ആകയാൽ പരാമർശം 4 പ്രകാരം ബോർഡാഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ച ശ്രീ. നന്ദഗോപനും ദേവസ്വം കമ്മീഷണർ ആഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ചിരുന്ന ശ്രീമതി. വീണ വി. നായർക്കും 08–11–2023 മുതലുള്ള കാലയളവിലെ വേതനം ചെലവെഴുതുന്നത് സംബന്ധിച്ച് ഉത്തരവുണ്ടാകണമെന്നും വിവരിച്ചുള്ള ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് ലഭിച്ചു (പരാമർശം –5).

ആയത് ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) കൊല്ലവർഷം 1199 ലെ ശബരിമല മണ്ഡലം-മകരവിളക്ക് തീർത്ഥാടന കാലത്തേക്ക് മാത്രമായി (20–01–2024 വരെ) ചുവടെ വിവരിക്കുന്ന ജീവനക്കാരെ അവരുടെ പേരിന് നേർക്ക് ചേർത്തിട്ടുള്ള തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിച്ച് ബോർഡുത്തരവാകുന്നു.

| നം | പേര് | തസ്തിക/ആഫീസ് |
|---|---|---|
| 1. | ശ്രീ. രഞ്ജിത്ത്. കെ.എൽ | ക്ലാർക്ക്,<br>എക്സിക്യൂട്ടീവ് ആഫീസ്,<br>ശബരിമല |
| 2. | ശ്രീമതി. സബിത. കെ.എസ് | ആഡിറ്റർ,<br>അസിസ്റ്റന്റ് ആഡിറ്റ് ആഫീസ്,<br>വൈക്കം |
| 3. | ശ്രീ. നന്ദഗോപൻ | ക്ലാർക്ക്,<br>ദേവസ്വം ബോർഡ് ആഫീസ്<br>(against vacancy) |
| 4. | ശ്രീമതി. വീണ. വി. നായർ | ക്ലാർക്ക്,<br>ദേവസ്വം കമ്മീഷണർ ആഫീസ് |
| 5. | ശ്രീ. വിപിൻകുമാർ | ക്ലാർക്ക്,<br>ശബരിമല എക്സിക്യൂട്ടീവ് ആഫീസ് |
| 6. | ശ്രീമതി. ജി. ഷൈനി | ആഡിറ്റർ,<br>അസിസ്റ്റന്റ് ആഡിറ്റ് ആഫീസ്,<br>വൈക്കം |
| 7. | ശ്രീമതി. പി. സുനിതകുമാരി | ക്ലാർക്ക്,<br>ദേവസ്വം ബോർഡ് ആഫീസ്<br>(against vacancy) |
| 8. | ശ്രീമതി. രമാദേവി. എൻ | ക്ലാർക്ക്,<br>ദേവസ്വം ബോർഡ് ആഫീസ്<br>(against vacancy) |
| 9. | ശ്രീമതി. റ്റി.ആർ. രഞ്ജുഷ | ആഡിറ്റർ,<br>ഫിനാൻസ് & അക്കൗണ്ട്സ് ആഫീസ് |
| 10. | ശ്രീ. വിഷ്ണുപ്രകാശ് | ആഡിറ്റർ,<br>ദേവസ്വം അക്കൗണ്ട്സ് ആഫീസ്<br>(against vacancy) |
| 11. | ശ്രീമതി. അജിത. ജി | ക്ലാർക്ക്,<br>ദേവസ്വം കമ്മീഷണർ ആഫീസ് |
| 12. | ശ്രീ. വിവേക്പോറ്റി | ആഡിറ്റർ,<br>ദേവസ്വം അക്കൗണ്ട്സ് ആഫീസ് |
| 13. | ശ്രീ. വിജേഷ് വി. കുമാർ | ക്ലാർക്ക്,<br>ദേവസ്വം ബോർഡ് ആഫീസ്<br>(against vacancy) |
| 14. | ശ്രീ. പ്രമോദ്ലാൽ | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്,<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, കൊട്ടാരക്കര |
| 15. | ശ്രീമതി. വി.കെ. രാജി | ആഡിറ്റർ,<br>അസിസ്റ്റന്റ് ആഡിറ്റ് ആഫീസ്,<br>മാവേലിക്കര |

| | | |
|---|---|---|
| 16. | ശ്രീമതി. റ്റി.ആർ. രാജലക്ഷ്മി | പ്യൂൺ,<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, വൈക്കം |
| 17. | ശ്രീ. അംബരീഷ് ഹരിദാസ് | പ്യൂൺ,<br>അസിസ്റ്റന്റ് എഞ്ചിനീയർ ആഫീസ്, വൈക്കം |
| 18. | ശ്രീ. റ്റി. കൃഷ്ണവാര്യർ | പ്യൂൺ,<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, ഹരിപ്പാട് |
| 19. | ശ്രീമതി. ദീപകുമാരി. വി | പ്യൂൺ,<br>വിജിലൻസ് ആഫീസ്, മാവേലിക്കര |
| 20. | ശ്രീമതി. സന്ധ്യ. കെ.ആർ | പ്യൂൺ,<br>അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ആഫീസ്, ആറന്മുള |

ശ്രീ. നന്ദഗോപൻ, ശ്രീമതി. വീണ വി. നായർ എന്നിവർ 08–11–2023 മുതൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നതാകയാൽ ടിയാളുകൾക്ക് പ്രസ്തുത കാലയളവ് മുതൽ നിയമാനുസൃതമുള്ള ദിവസവേതനം ചെലവെഴുതി നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :–
JT Division

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനീയർ
3. എക്സിക്യൂട്ടീവ് ആഫീസർ, ശബരിമല
4. ദേവസ്വം അക്കൗണ്ട്സ് ആഫീസർ
5. ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ
6. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് & സെക്യൂരിറ്റി)
7. അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കൊട്ടാരക്കര/വൈക്കം/ഹരിപ്പാട്/ആറന്മുള
8. അസിസ്റ്റന്റ് എഞ്ചിനീയർ, വൈക്കം
9. അസിസ്റ്റന്റ് ആഡിറ്റ് ആഫീസർ, മാവേലിക്കര/വൈക്കം
10. സെക്ഷൻ ഫയൽ
11. ഫയൽ ബുക്ക്
12. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK